ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 19.05.2025** | **പ്രധാന വാർത്തകൾ** | **TIME: 07.25PM**

1. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. നെതർലാൻഡ്സിലെ ഹേഗിൽ തന്ത്രപ്രധാനമേഖലയിലെ വിദഗ്ധരുമായി വിദേശകാര്യമന്ത്രി കൂടിക്കാഴ്ച നടത്തി.
   **EAM S. Jaishankar Begins Three-Nation Tour with Strategic Talks in The Hague..**
2. പാക് പിന്തുണയുള്ള ഭീകരവാദ സംവിധാനങ്ങൾ തകർക്കുന്നതിനായാണ് ഓപ്പറേഷൻ സിന്ദൂറിനു തുടക്കം കുറിച്ചതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.
   **Operation Sindoor Launched to Dismantle Pakistan-Backed Terror Networks, says Union Minister Kiren Rijiju.**
3. സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കാനുള്ള തീരുമാനം രാജ്യത്തെ കർഷകർക്ക് ഗുണം ചെയ്യുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ.
   **Temporary Suspension of Indus Water Treaty Will Benefit Indian Farmers, says Union Agriculture Minister Shivraj Singh Chouhan.**
4. വിമാനത്താവളങ്ങളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്ക് പ്രാധാന്യം

നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

CM Pinarayi Vijayan Stresses that Prioritizing Airport and Passenger Security Is the Need of the Hour.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

Lucknow Super Giants Lock Horns with Sunrisers Hyderabad in IPL Today.

6. കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര സംസ്ഥനങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

IMD Warns of Intense Rainfall in Kerala, Karnataka, Goa, and Maharashtra.

&&&&&&&&&&&&&&&&&&

## REV. JAISHANKAR-EUROPE VISIT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. നെതർലാൻഡ്സിലെ ഹേഗിൽ തന്ത്രപ്രധാനമേഖലയിലെ വിദഗ്ധരുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തി. നെതർലാൻഡ്സ്, ഡെൻമാർക്ക്, ജർമ്മനി എന്നി രാജ്യങ്ങളാണ് ആറ് ദിവസങ്ങളിലായി ശ്രീ ജയശങ്കർ സന്ദർശിക്കുക. വ്യാപാരം, നിക്ഷേപം, തന്ത്രപരമായ പങ്കാളിത്തം , പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങൾ എന്നിവയിൽ ഇന്ത്യയുടെ നയതന്ത്ര ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സന്ദർശനം.

&&&&&&&&&&&&&&&&&&&

LEH- KIREN RIJIJU-OPERATION SINDOOR

പാക് പിന്തുണയുള്ള ഭീകരവാദ സംവിധാനങ്ങൾ തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓപ്പറേഷൻ സിന്ദൂറിനു തുടക്കം കുറിച്ചതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ലേയിലെ ശ്രദ്ധാഞ്ജലി പാർക്കിൽ ആധുനിക ലഡാക്കിന്റെ സ്രഷ്ടാവ് എന്നറിയപ്പെടുന്ന ബക്കൂള റിംപോച്ച യുടെ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദം സംബന്ധിച്ച രാജ്യത്തിൻറെ നിലപാട് ലോകരാജ്യങ്ങളോട് വ്യക്തമാക്കുന്നതിന് വിവിധ രാഷ്ട്രീയ കക്ഷികളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പാർലമെന്ററി സമിതികൾക്ക് കേന്ദ്രസർക്കാർ രൂപം നൽകിയതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

ARMY CEASEFIRE

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാർ അവസാനിച്ചെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത തള്ളി ഇന്ത്യൻ സൈന്യം. ഇരു രാജ്യങ്ങളുടെയും ഡിജിഎംഒമാർ തമ്മിൽ ഈ മാസം 12ന് നടത്തിയ ചർച്ചയിൽ സംഘർഷങ്ങൾക്ക് വിരാമമിടാൻ തീരുമാനിച്ചിരുന്നു. എന്നാൽ വെടിനിർത്തലിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്ന് സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

SHIVRAJ INDUS WATER TREATY ( INTRO)

സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കാനുള്ള തീരുമാനം രാജസ്ഥാൻ, ഹരിയാന,

പഞ്ചാബ് എന്നിവിടങ്ങളിലെ കർഷകർക്ക് ഗുണം ചെയ്യുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർഷകരുമായി ന്യൂഡൽഹി യിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. പാകിസ്താന് ജലം നൽകുന്നത് ഇന്ത്യയിലെ കർഷകരോട് ചെയ്യുന്ന അനീതിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
**( വോയിസ്....)**

**&&&&&&&&&&&&&&&&&&&**

## PUNJAB-TWO SPIES ARRESTED

രാജ്യത്തിന്റെ തന്ത്രപ്രധാന വിവരങ്ങൾ ചോർത്താൻ ശ്രമിച്ച രണ്ട് പേരെ പഞ്ചാബ് പോലീസ് പിടികൂടി. ഗുർദാസ്പൂർ നിവാസികളായ സുഖ്പ്രീത് സിംഗ്, കരൺബീർ സിംഗ് എന്നിവരാണ് പിടിയിലായത്. പഞ്ചാബ്, ഹിമാചൽ പ്രദേശ്, ജമ്മു-കാശ്മീർ എന്നിവിടങ്ങളിലെ തന്ത്രപ്രധാന സ്ഥലങ്ങൾ, സൈനിക നീക്കങ്ങൾ ഉൾപ്പെടെ ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ പാകിസ്ഥാൻ രഹസ്യാന്വേഷണ ഏജൻസിയായ ISI യുമായി പങ്കു വയ്ക്കാൻ ഇവർ ശ്രമിച്ചതായി പഞ്ചാബ് പോലീസ് പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

## J AND K- GRAND TIRANGA RALLY

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയാഘോഷത്തിൻറെ ഭാഗമായി സൈനികരുടെ ധീരതയ്ക്ക് അഭിവാദ്യം അർപ്പിച്ചു കൊണ്ടുള്ള തിരംഗ യാത്ര രാജ്യത്തുടനീളം പുരോഗമിക്കുന്നു. ജമ്മുകശ്മീരിലെ

കതവയിൽ ഇന്ന് സംഘടിപ്പിച്ച തിരംഗ യാത്രയിൽ നിരവധി പേർ അണിനിരന്നു.

**&&&&&&&&&&&&&&&&&&**

## JITENDRA SINGH-CIVIL LIST

രാജ്യത്ത് നിലവിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇ-ബുക്ക് - ഇലക്ട്രോണിക് സിവിൽ ലിസ്റ്റ് 2025 - കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് പുറത്തിറക്കി. രാജ്യത്ത് ഫെഡറൽ ഭരണം ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്രമന്ത്രി പറഞ്ഞു. ഐഎഎസ് ഉദ്യോഗസ്ഥരുടെ പേര്, ബാച്ച്, കേഡർ, വിദ്യാഭ്യാസ യോഗ്യതകൾ, വിരമിക്കൽ തീയതി എന്നിവയുൾപ്പെടെയുള്ള സമഗ്രമായ വിവരങ്ങളാണ് ഇ-ബുക്കിലുള്ളത്.

**&&&&&&&&&&&&&&&&&&**

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

**&&&&&&&&&&&&&&&&&&**

## SC ONE RANK ONE PENSION

വിരമിച്ച എല്ലാ ജഡ്ജിമാർക്കും വൺ റാങ്ക് വൺ പെൻഷൻ തത്ത്വം ബാധകമാണെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ബി ആർ ഗവായി, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. നിയമന സമയം പദവി എന്നിവ അടിസ്ഥാനമാക്കി ജഡ്ജിമാർക്കിടയിൽ വിവേചനം കാണിക്കുന്നത് മൗലികാവകാശത്തിന്റെ ലംഘനമാണെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.

**&&&&&&&&&&&&&&&&&&**

## CM CIAL (INTRO)

വിമാനത്താവളങ്ങളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്ക് വലിയ പ്രാധാന്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന ഗണ്യമായ വർധനയ്ക്ക് അനുസൃതമായി വിമാനത്താവളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊച്ചി വിമാനത്താവളത്തിലെ വിവിധ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**( വോയിസ്..... )**

**&&&&&&&&&&&&&&&&&&**

## MULLAPERIYAR

മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീം കോടതി നിർദേശങ്ങൾ കേരളത്തിന് തിരിച്ചടിയല്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. മുല്ലപ്പെരിയാറിൽ മരം മുറിക്കാൻ അനുമതി തേടി തമിഴ്നാട് സർക്കാർ സമർപ്പിച്ച അപേക്ഷ സുപ്രീംകോടതി അംഗീകരിച്ച പശ്ചാത്തലത്തിലാണ് മന്ത്രിയുടെ പ്രതികരണം. പുതിയ ഡാം എന്ന ആവശ്യത്തിൽ കേരളം ഉറച്ച് നിൽക്കുന്നതായും മരം മുറിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണെന്നും മന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

**KHELO INDIA**

ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടന പതിപ്പിന് ദിയുവിലെ ഗോഗ്ല ബീച്ചിൽ തുടക്കമായി. രാജ്യത്തുടനീളമുള്ള 1000-ത്തിലധികം അത്‌ലറ്റുകൾ മത്സരിക്കും. ബീച്ച് സോക്കർ, വോളിബോൾ, കബഡി, ഓപ്പൺ വാട്ടർ നീന്തൽ തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ.

**&&&&&&&&&&&&&&&&&&**

**CRICKET - IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം. ടോസ് നേടിയ ഹൈദരാബാദ് ഫീൽഡിങ് തിരഞ്ഞെടുത്തു.

**&&&&&&&&&&&&&&&&&&**

**BCCI-ASIA CUP**

ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ടൂർണമെന്റുകളിൽ നിന്നും ബിസിസിഐ പിന്മാറും എന്ന തരത്തിലുള്ള വാർത്തകൾ അവാസ്തവമെന്ന് BCCI സെക്രട്ടറി ദേവ്ജിത് സൈക്കിയ. ഇത്തരം വിഷയങ്ങൾ എവിടെയും ചർച്ച ചെയ്തിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ നടക്കാനിരിക്കുന്ന വനിതാ എമേർജിങ് ഏഷ്യ കപ്പ്, പുരുഷ ഏഷ്യ കപ്പ് മത്സരങ്ങളിൽ നിന്നും ബിസിസിഐ പിന്മാറുന്നു എന്ന തരത്തിൽ നേരത്തെ വാർത്തകൾ പ്രചരിച്ചിരുന്നു.

**&&&&&&&&&&&&&&&&&&**

## IMD WEATHER

അടുത്ത അഞ്ചു ദിവസം കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. രാജ്യത്തിന്റെ വടക്കു കിഴക്കൻ മേഖല, സിക്കിം, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ഇടിമിന്നലിനും സാധ്യതയുണ്ട്. ബെംഗളൂരുവിൽ ഉണ്ടായ കനത്ത മഴയിൽ നഗരത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ടുണ്ടായി. വൈറ്റ്ഫീൽഡിൽ മതിൽ ഇടിഞ്ഞ് വീണ് ഒരു സ്ത്രീ മരിച്ചു. അതേസമയം വ്യാഴാഴ്ച വരെ രാജസ്ഥാന്റെ പടിഞ്ഞാറൻ മേഖലകളിൽ ഉഷ്ണതരംഗം തുടരുമെന്നും അധികൃതർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## RAIN - KERALA

ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേരളത്തിൽ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട മുതൽ പാലക്കാട് വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ അതിശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&

## STOCK/ GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 271 പോയിന്റ് താഴ്ന്ന് 82,059 ലും നിഫ്റ്റി 74 പോയിന്റ് നഷ്ടത്തിൽ 24,945 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉയർന്നു. പവന് 280 രൂപ വർധിച്ച് 70,040 രൂപയും ഗ്രാമിന് 8,755 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

## PM- JOE BIDEN - CANCER

പ്രോസ്റ്റേറ്റ് ക്യാൻസറിന്റെ ഗുരുതര വകഭേദം ബാധിച്ച് ചികിത്സയിൽ കഴിയുന്ന, അമേരിക്കയുടെ മുൻ പ്രസിഡന്റ് ജോ ബൈഡന്റെ ആരോഗ്യ നിലയിൽ ആശങ്ക പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബൈഡൻ വേഗം സുഖം പ്രാപിക്കട്ടെയെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## EGYPT-GAZA CEASEFIRE

ഗസ മുനമ്പിൽ അടിയന്തര വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ-ഫത്താഹ് അൽ-സിസി. യുദ്ധത്തിൽ തകർന്ന പ്രദേശത്ത് മാനുഷിക സഹായം എത്തിക്കുന്നത് സാധ്യമാക്കണമെന്നും അദ്ദേഹം യുഎസ് നയതന്ത്ര ഉദ്യോഗസ്ഥനുമായുള്ള കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു. വെടിനിർത്തലിനായി യുഎസ്, ഖത്തർ എന്നീ രാജ്യങ്ങളുമായി ഏകോപിച്ചുള്ള മധ്യസ്ഥ ശ്രമം ഈജിപ്ത് തുടരുമെന്നും അൽ-സിസി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HM- OCI PORTAL

ഇന്ത്യയുടെ വിദേശ പൗരത്വ പദ്ധതി പ്രകാരമുള്ള പുതിയ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ - ഒസിഐ പോർട്ടലിന്റെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ നിർവ്വഹിച്ചു. പോർട്ടലിന്റെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഉപയോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമാണ് പുതിയ പോർട്ടൽ ആരംഭിച്ചത്. പഴയ ഒസിഐ കാർഡ് ഉടമകളിൽ നിന്ന് ലഭിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ആധുനിക രീതിയിൽ പുതിയ ഒസിഐ പോർട്ടൽ വികസിപ്പിച്ചതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

*

*************

******************************